**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 816** **17-09-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിനും സഹകരണ രംഗത്ത് സുതാര്യതയും വിശ്വാസവും ഊട്ടിയുറപ്പിക്കുന്നതിനും സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് പദ്ധതിയായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും ടി ജില്ലകളിൽ പദ്ധതി വൻ വിജയമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധയിലോ ആഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ പൊതു ധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിനും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ആഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ വിജിലൻസിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>2023 ലെ സഹകരണ നിയമ ഭേദഗതിയിൽ പുതുതായി കൂട്ടിച്ചേർത്ത 68 B വകുപ്പ് പ്രകാരം ഗവൺമെന്റിനോ സഹകരണ സംഘം രജിസ്ട്രാർക്കോ ക്രമക്കേട് നടന്ന സംഘങ്ങളിൽ അന്വേഷണം നടത്തുന്നതിന് പോലീസിനോ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കോ കൈമാറാവുന്നതാണെന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. സംഘത്തിനുണ്ടാകുന്ന നഷ്ടം തിരിച്ചു ഈടാക്കുന്നതിനും പുതിയ നിയമ ഭേദഗതിയിൽ രജിസ്ട്രാർക്ക് അധികാരം നൽകിയിട്ടുണ്ട്.<br><br>വകുപ്പുതല അന്വേഷണം കാര്യക്ഷമവും സമയബന്ധിതവും ആക്കുന്നതിന് Online Cooperative Inspection Management Application (CIMA) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നടത്തുന്ന വകുപ്പ് 65, 68(1), 68(2)എന്നീ വകുപ്പുതല അന്വേഷണങ്ങളുടെ റിവ്യൂ മീറ്റിംഗ് സഹകരണസംഘം രജിസ്ട്രാർ/ അഡീഷണൽ രജിസ്ട്രാർ തലത്തിൽ എല്ലാമാസവും നടത്തി വരുന്നു. |
| (ബി) | സഹകരണ സംഘങ്ങളിൽ ക്രമക്കേട് കണ്ടെത്തുന്ന പശ്ചാത്തലത്തിൽ നിലവിലെ ഓഡിറ്റ് സംവിധാനം സമഗ്രമായി പരിഷ്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് പദ്ധതിയായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും ടി ജില്ലകളിൽ പദ്ധതി വൻ വിജയമായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സഹകരണ സംഘങ്ങളിലെ ചിട്ടികളുടെ ജാമ്യ വ്യവസ്ഥകളും പണയ ഉരുപ്പടികളുടെ അളവു തൂക്ക പരിശോധനയും കർശനമാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദീകരിക്കാമോ? | (സി) | സഹകരണ സംഘങ്ങളിലെ സ്വർണ പണയ പരിശോധനയുമായി ബന്ധപെട്ട് സംഘം ഭരണ സമിതി അംഗങ്ങൾ ഉൾപ്പെടുന്ന സമിതിക്ക് ഉത്തരവാദിത്തം നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളും ഓരോ മൂന്ന് മാസം കൂടുന്തോറും സംഘത്തിൽ സൂക്ഷിച്ചിരുന്ന മുഴവൻ സ്വർണ്ണ പണയ ഉരുപ്പടികളും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പ് വരുത്തുന്നതിന് സംഘതലത്തിൽ സെക്രട്ടറി/ ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽ നിന്നും ഒരു പ്രതിനിധി, ഒരു ഭരണസമിതി അംഗം, ഒരു അപ്രൈസർ എന്നിവ ഉൾപ്പെടുന്ന പരിശോധനാ കമ്മിറ്റി രൂപീകരിച്ച് ഭൗതിക പരിശോധന നടത്തി വിലയിരുത്തി സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ